പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4343 — 04-02-2014- ൽ മറുപടിക്ക്

## കൊയിലാണ്ടി മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ദാസൻ : | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന ശേഷം വിദ്യാഭ്യാസ വകുപ്പ് സാങ്കേതിക-കോളേജ്-ഹയർ സെക്കണ്ടറി - വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലും വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മറ്റ് വകുപ്പുകൾ മുഖേനയും എന്തെല്ലാം വികസന പ്രവർത്തനങ്ങൾ/ വികസന പദ്ധതികൾ ആണ് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | എ & ബി<br>സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള പയ്യോളി ടെക്നിക്കൽ ഹൈസ്കൂളിലെ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 1.5 കോടി രൂപ എസ്റ്റിമേറ്റിൽ ടെക്നിക്കൽ ഹൈസ്കൂളിന കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഇതിന്റെ മണ്ണ് പരിശോധന നടത്തിക്കഴിഞ്ഞു.<br>2. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 5 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള സ്കൂൾ പാചകപ്പുരയുടെ 60% ത്തിലധികം പൂർത്തീകരിച്ചു.<br>3. ഈ സർക്കാർ അധികാരത്തിൽ വന്നതിനശേഷമുള്ള കാലയളവിൽ പ്ലാൻ ഫണ്ടുപയോഗിച്ച് സ്കൂളിൽ 8 ലക്ഷത്തോളം രൂപയുള്ള സാധന സാമഗ്രികൾ വാങ്ങുകയുണ്ടായി.<br>കൊയിലാണ്ടി ഗവൺമെന്റ് കോളേജിൽ 2012-13 അദ്ധ്യയന വർഷം മുതൽ എം.എസ്.സി (ഫിസിക്സ്) കോഴ്സ് അനുവദിച്ചിട്ടുണ്ട്. |

(മറുപുറം)

ബി) വിവിധ വകുപ്പുകൾ നടപ്പാക്കിയ പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്ര: വ്യക്തമാക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കൊയിലാണ്ടി ഗവ.കോളേജിന്റെ പ്രവർത്തനങ്ങൾക്കും, വികസനത്തിനുമായി പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠന സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും,പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തുന്നതിനും, ക്ലാസ് മുറികൾ നവീകരിക്കുന്നതിനും, വിദ്യാർത്ഥികൾക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഗവ. കോളജ് കൊയിലാണ്ടിക്ക് ഈ സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതികൾ | തുക |
|---|---|
| പുതിയ കോഴ്സുകൾ | 2 ലക്ഷം |
| മാച്ചിംഗ് ഗ്രാന്റ് | 50100 |
| ലാബുകളുടേയും ലൈബ്രറികളുടേയും നവീകരണം | 3 ലക്ഷം |
| കോളേജുകൾക്ക് നാക്കിന്റെ അംഗീകാരം | 2 ലക്ഷം |
| ഐ.റ്റി.ഗ്രീഡ് | 35000 |
| സ്റ്റുഡന്റ്സ് അമിനിറ്റീസ് | 20000 |
| സ്പോർട്സ് പരിശീലനത്തിനുള്ള ധനസഹായം | 45000 |
| എഡ്യൂസാറ്റ് ക്ലാസ്സുറികളുടെ നവീകരണം | 1 ലക്ഷം |
| ഫാക്കൽറ്റി വികസനം | 1 ലക്ഷം |
| സി.ഐ.യു.പി. | 9.75 ലക്ഷം |
| വാക്ക് വിത്ത് എ സ്കോളർ | 2.92 ലക്ഷം |
| സ്കോളർ സപ്പോർട്ട് പ്രോഗ്രാം | 1.2 ലക്ഷം |
| കെട്ടിടത്തിൽ നിർമ്മാണം | 25 ലക്ഷം |

പൊതു വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട നടത്തിയ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ച നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ